Draft #71 of File 8429/AD A1/4/2019/REG SECT Approved by ASSISTANT REGISTRAR I (ADMIN) on 19-Aug-2026 05:48 PM - Page 1

Graded as Category 1 Autonomous University By UGC
Mahatma Gandhi University

**മഹാത്മാഗാന്ധി സർവകലാശാല, കേരളം**

**<u>സംഗ്രഹം</u>**

ഭരണകാര്യം :-സെന്റർ ഫോർ ഡിസ്റ്റൻസ് & ഓൺലൈൻ എഡ്യൂക്കേഷൻ (CDOE) നടത്തുന്ന ഓൺലൈൻ പരീക്ഷകളിൽ റിമോട്ട് പ്രോക്ടർമാരായി നിയോഗിക്കപ്പെടുന്ന ജീവനക്കാർക്ക് - പരിഹാരാവധി (Compensation Leave) - അനുവദിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 7798/AD A1/2026/എം.ജി.യു　　　　പ്രിയദർശിനി ഹിൽസ്,തീയതി: 20.08.2026

---

*പരാമർശം:*-1.സർവകലാശാല ഉത്തരവ് നം. 987/CDOE 3/2025/MGU, തീയതി: 29.01.2025
2. വൈസ് ചാൻസലറുടെ 06.08.2026 ലെ ഉത്തരവ് സഹിതമുള്ള 4587/CDOE 2-4/2025/CDOE 2 നമ്പർ ഫയലിലെ കുറിപ്പുകൾ,

**<u>ഉത്തരവ്</u>**

സെന്റർ ഫോർ ഡിസ്റ്റൻസ് & ഓൺലൈൻ എഡ്യൂക്കേഷൻ (CDOE) നടത്തുന്ന ഓൺലൈൻ പരീക്ഷകളിൽ അധ്യാപകർ/കോഴ്സ് കോ-ഓർഡിനേറ്റർമാർ/ മെന്റർമാർ എന്നിവരുടെ മേൽനോട്ടത്തിൽ, റിമോട്ട് പ്രോക്ടറിങ് ജോലികൾക്കായി അനധ്യാപക ജീവനക്കാരെ നിയോഗിക്കാമെന്ന് പരാമർശം (1) ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. ആയത് പ്രകാരം നിയോഗിക്കപ്പെടുന്ന അനധ്യാപക ജീവനക്കാർക്ക്, മാതൃ സെക്ഷനിലെ ജോലികളോടൊപ്പം റിമോട്ട് പ്രോക്ടറിങ് ജോലികൾ അധികമായി നിർവഹിക്കുന്ന സാഹചര്യത്തിൽ, കെ.എസ്.ആർ / സർവകലാശാല ചട്ടങ്ങൾക്ക് വിധേയമായി, ആറ് മണിക്കൂർ അധിക ജോലിക്ക് ഒന്ന് എന്ന ക്രമത്തിൽ പരിഹാരാവധി (Compensation Leave) ഇനിമുതൽ അനുവദിക്കുന്നതിനും, ആയതുകൂടി ഉൾക്കൊള്ളിച്ചുകൊണ്ട് തുടർന്നുള്ള താല്പര്യ പത്രങ്ങൾ ക്ഷണിക്കുന്നതിനും അനുമതി നൽകി പരാമർശം (2) പ്രകാരം വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ബിനോയ് സെബാസ്റ്റ്യൻ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. എല്ലാ പഠനവകുപ്പുകൾ, സെന്ററുകൾ, സെക്ഷനുകൾ
2. ഡയറക്ടർ, CDOE
3. വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി
4. രജിസ്ട്രാർ/ പരീക്ഷാ കൺട്രോളർ/ ഫിനാൻസ് ഓഫീസർ എന്നിവരുടെ പി എ മാർ
5. എ.ആർ./ ഡി.ആർ/ജെ.ആർ. (ഭരണവിഭാഗം/ പരീക്ഷാവിഭാഗം/ ധനകാര്യവിഭാഗം/ അക്കാദമികവിഭാഗം)
6. ജോയിന്റ് ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ്, മഹാത്മാഗാന്ധി സർവകലാശാല
7. പി.ആർ.ഒ./ റെക്കോർഡ്സ് സെക്ഷൻ/ സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ്/ ഐ.ക്യു.എ.സി.
8. സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി/ ഡേ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

The document is digitally approved. Hence signature is not needed.